## പതിനാലാം കേരള നിയമസഭ

## നാലാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ.651 | 28/02/2017-ൽ മറുപടിക്ക്

## കായംകുളം താപനിലയം

| | ചോദ്യം<br>**ശ്രീ.മുല്ലക്കര രത്നാകരൻ**<br>**,, ജി.എസ്.ജയലാൽ**<br>**,, ആർ. രാമചന്ദ്രൻ**<br>**,, മുഹമ്മദ് മുഹസിൻ പി.** | | ഉത്തരം<br>ശ്രീ. എം.എം.മണി<br>(വൈദ്യുതി വകുപ്പ് മന്ത്രി) |
|---|---|---|---|
| (എ) | വൈദ്യുത പ്രതിസന്ധിയുടെ പശ്ചാത്തലത്തിൽ കായംകുളം താപനിലയത്തിൽ നിന്ന് വൈദ്യുതി ഉല്പാദനം പുനരാരംഭിക്കാൻ ആലോചനയുണ്ടോ; | (എ) | കായംകുളം താപനിലയത്തിൽ നാഫ്ത എന്ന ഇന്ധനം ഉപയോഗിച്ചാണ് വൈദ്യുതി ഉത്പാദിപ്പിക്കുന്നത്. നാഫ്തയുടെ വില ഇപ്പോൾ വളരെ കൂടുതലാണ്. അതിനാൽ ഇവിടെ നിന്നും ഉത്പാദിപ്പിക്കുന്ന വൈദ്യുതിയുടെ നിരക്ക് 7 രൂപയ്ക്ക് മുകളിലാണ്. ഇക്കാരണത്താൽ തന്നെ കഴിഞ്ഞ നിരവധി വർഷങ്ങളായി ഈ നിലയത്തിൽ നിന്നും വൈദ്യുതി ഉത്പാദിപ്പിച്ച് ഉപയോഗിച്ചിരുന്നില്ല. ഇപ്പോൾ സംസ്ഥാനത്തിനു പുറത്ത് കുറഞ്ഞ വിലയ്ക്ക് വൈദ്യുതി ലഭിക്കുന്ന സാഹചര്യത്തിൽ അത്തരം വൈദ്യുതി ലഭ്യമാക്കി പ്രതിസന്ധി നേരിടാനാണ് കേരളാ സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് ലിമിറ്റഡ് ശ്രമിച്ച് വരുന്നത്. അതിനാൽ കായംകുളം വൈദ്യുത നിലയത്തിൽ നിന്നുള്ള വൈദ്യുതി ഉപയോഗിക്കുവാൻ തൽക്കാലം ഉദ്ദേശിച്ചിട്ടില്ല. വളരെ അടിയന്തിര ഘട്ടങ്ങളിൽ മാത്രമേ കായംകുളം താപവൈദ്യുതി ഉപയോഗിക്കാനായി ഉദ്ദേശിക്കുന്നുള്ളു. |
| (ബി) | കായംകുളം താപനിലയത്തിൽ നിന്ന് വൈദ്യുതി ലഭ്യമാക്കിയാൽ വൈദ്യുതിയുടെ വില എത്രയാകുമെന്നും അത് എങ്ങനെയാണ് നിശ്ചയിക്കുന്നതെന്നും അറിയിക്കുമോ; | (ബി) | കായംകുളം താപനിലയത്തിൽ നിന്നും ഉത്പാദിപ്പിക്കുന്ന വൈദ്യുതിയുടെ വില, ഇപ്പോഴത്തെ നാഫ്തയുടെ വിലയനുസരിച്ച് യൂണിറ്റിന് 7 രൂപ 27 പൈസ വരും. നാഫ്തയുടെ വിലയനുസരിച്ച് വൈദ്യുതിയുടെ വിലയിൽ വ്യത്യാസം വരുന്നതാണ്. |

(...2)

| | | | |
|---|---|---|---|
| (സി) | താപനിലയം അടച്ചിട്ടിരുന്നാൽ ഫിക്സഡ് കോസ്റ്റ് ഇനത്തിൽ പ്രതിമാസം എത്രകോടി രൂപയാണ് നൽകേണ്ടിവരുന്നത്? | (സി) | കായംകുളം താപനിലയത്തിന് ഇപ്പോൾ പ്രതിമാസം ഫിക്സഡ് ചാർജ്ജായി 17.26 കോടി രൂപയാണ് നൽകി വരുന്നത്. |

Hemalatha

സെക്ഷൻ ഓഫീസർ